# ശ്രദ്ധിക്കപ്പെടേണ്ട വിശ്വാസപരിശീലനതലങ്ങൾ

**ഫാ. ജോർജ് ദാനവേലിൽ**

സഭ അതിന്റെ സ്വഭാവത്താൽ തന്നെ പ്രേഷിതയാണ്. സഭയുടെ ഈ പ്രേഷിത ദൗത്യം നിർവ്വഹിക്കപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനതലമാണു വിശ്വാസപരിശീലനരംഗം. മാമ്മോദീസ സ്വീകരിച്ചു സഭയിലെ അംഗങ്ങളായിത്തീർന്നവരെ ക്രിസ്തീയ വിശ്വാസത്തിന്റെ പക്വതയിലേയ്ക്കും ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയിലേയ്ക്കും ആനയിച്ചുകൊണ്ടു ക്രിസ്തുവിൽ വളരുവാൻ സഹായിക്കുക എന്നതാണല്ലോ വിശ്വാസ പരിശീലനത്തിന്റെ അടിസ്ഥാനലക്ഷ്യം. 'മതബോധനം ഇന്ന്' എന്ന ശ്ലൈഹിക പ്രബോധനത്തിൽ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ പറയുന്നു, യേശു ദൈവപുത്രനായ ക്രിസ്തുവാണെന്ന വിശ്വാസത്തിലേയ്ക്കു സഭാ സന്താനങ്ങളെ നയിക്കുക, അതിൽ അവരെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക, അങ്ങനെ ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയെ പടുത്തുയർത്തുക ഇതാണു വിശ്വാസപരിശീലനമെന്നതുകൊണ്ടു ഉദ്ദേശിക്കുന്നത് (മതബോധനം ഇന്ന് 1).

വിശ്വാസപരിശീലനത്തിന്റെ അത്യന്തികലക്ഷ്യം വിശ്വാസവളർച്ചയാണ്. മാമ്മോദീസായിലൂടെ ദാനമായി ലഭിക്കുന്ന വിശ്വാസത്തെ പടിപടിയായി വളർത്തേണ്ടതുണ്ട്. ഈ വളർച്ച സാധിക്കണമെങ്കിൽ നിരന്തരമായ പരിപോഷണവും പരിപാലനയും ആവശ്യമാണ്. ഇതാണ് വിശ്വാസപരിശീലന പ്രക്രിയ വഴി സാധിതമാകേണ്ടത്. 'എന്റെ കുഞ്ഞുമക്കളെ, ക്രിസ്തു നിങ്ങളിൽ രൂപപ്പെടുവോളം ഞാൻ ഈറ്റുനോവനുഭവിക്കുന്നു' (ഗല. 4:19) എന്നു പറഞ്ഞ വി. പൗലോസിനെപ്പോലെ മറ്റുള്ളവരിൽ ക്രിസ്തുവിനെ രൂപപ്പെടുത്തുക എന്ന ദൗത്യമാണു വിശ്വാസപരിശീലകനു സഭയിൽ നിർവ്വഹിക്കാനുള്ളത്. ഇതിലൂടെ ഒരോക്രൈസ്തവനും അവരവരുടെ ജീവിതസാഹചര്യങ്ങളിൽ ഈശോയെപ്പോലെ ചിന്തിക്കുവാനും തീരുമാനങ്ങളെടുക്കുവാനും പരിശീലനം നേടുന്നു. ഇതു ക്രൈസ്തവ ജീവിതത്തെ സുവിശേഷമൂല്യങ്ങൾക്കനുസൃതം ബോധപൂർവ്വകവും ചൈതന്യഭരിതവും കർമ്മോത്സുകവുമാക്കുന്നു.

വിശ്വാസപരിശീലനം എന്നതു ഞായറാഴ്ചതോറും ഇടവക ദൈവാലയം കേന്ദ്രീകരിച്ചു കുട്ടികൾക്കായി നടത്തപ്പെടുന്ന പ്രത്യേക പരിശീലനപദ്ധതി എന്നതിൽക്കവിഞ്ഞ പ്രാധാന്യമൊന്നും ഇന്നും  ചിലർ നല്കുന്നില്ല എന്നതു ഖേദകരമാണ്. സൺഡേസ്കൂൾ

എന്നറിയപ്പെടുന്ന ഈ പരിശീലനപദ്ധതി ഏറെകാര്യക്ഷമമായും ക്രമീകൃതമായും നടത്തപ്പെടുന്നു. പക്ഷെ വിശ്വാസപരിശീലനമെന്നതു വെറും സൺഡേസ്കൂൾ പരിശീലനം മാത്രമല്ല. വിസ്മരിക്കപ്പെടരുതാത്തതായ മറ്റനേകം തലങ്ങളും ഇതിനുണ്ട്. സീറോമലബാർസഭയുടെ വിശ്വാസപരിശീലനം എപ്രകാരമായിരിക്കണമെന്നു 'വിളിയും പ്രത്യുത്തരവും' എന്ന സീറോമലബാർകാറ്റക്കെറ്റിക്കൽ ഡയറക്ടറി വ്യക്തമാക്കുന്നു. പ്രധാനമായും മൂന്നു തലങ്ങളിലൂടെയുള്ള വിശ്വാസപരിശീലനമാണു ഡയറക്ടറി നിർദ്ദേശിക്കുക; ആഘോഷങ്ങളിലൂടെയുള്ള വിശ്വാസപരിശീലനം (Catechesis through Celebration), പ്രബോധനങ്ങളിലൂടെയുള്ള വിശ്വാസപരിശീലനം(Catechesis though Instruction), പ്രായോഗിക പരിശീലനങ്ങളിലൂടെയുള്ള വിശ്വാസപരിശീലനം (Catechesis though Apprenticeship).

## ആഘോഷങ്ങളിലൂടെയുള്ള വിശ്വാസപരിശീലനം

ഇതു പ്രധാനമായും രണ്ടു തലങ്ങളിലാണു നടക്കേണ്ടത്. ഇടവക ദൈവാലയത്തിലെ ദൈവാരാധനയിലൂടെയും, കുടുംബങ്ങളിൽ നടത്തപ്പെടുന്ന ആചരണങ്ങളിലൂടെയും.

### 1 ദൈവാരാധന ( Liturgy)

ആദിമസഭയിൽ വിശ്വാസപരിശീലനത്തിന്റെ പ്രാധാനവേദി ദൈവാരാധനയുടെ അവസരങ്ങളായിരുന്നു. ദൈവാരാധന (Liturgy)യും വിശ്വാസപരിശീലനവും തമ്മിലുള്ള ബന്ധത്തെ വിശദീകരിക്കുമ്പോൾ സഭാപിതാക്കൻമാർ വിശ്വാസപരിശീലനത്തെ ആരാധനാക്രമ വിശ്വാസപരിശീലനം എന്നാണു പൊതുവേ വിശേഷിപ്പിക്കുക. അടിസ്ഥാനപരമായി ദൈവാരാധനയും വിശ്വാസപരിശീലനവും ഒന്നല്ല എങ്കിലും ദൈവാരാധനക്കു വിശ്വാസപരിശീലനപരമായ ഒരു വലിയ ധർമ്മം ഉണ്ട്. ശരിയായ വിശ്വാസപരിശീലനത്താൽ പ്രകാശിതമാകാത്ത ദൈവാരാധന ശുഷ്കവും അർത്ഥശുന്യവുമായ അനുഷ്ഠാനം മാത്രമായിരിക്കും. അതോടൊപ്പം ദൈവാരാധനയുടെ അനുഭവതലം വിശ്വാസപരിശീലനത്തിൽ ഇല്ലാതായാൽ വിശ്വാസപരിശീലനം വെറും ബൗദ്ധിക പരിശീലനം മാത്രവുമായിരിക്കും.

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിൽ ഇപ്രകാരം പഠിപ്പിക്കുന്നു. സഭയുടെ സകലപ്രവർത്തനങ്ങളും ലക്ഷ്യമാക്കുന്ന അത്യുച്ചസ്ഥാനവും അവളുടെ സർവ്വശക്തിയും നിർഗ്ഗളിക്കുന്ന ഉറവിടവുമാണു ദൈവാരാധന. അതുകൊണ്ടു ദൈവജനത്തിന്റെ

വിശ്വാസപരിശീലനത്തിൽ പ്രാധാനസ്ഥാനമാണു ദൈവാരാധനയ്ക്കുള്ളത്. ദൈവാരാധനാപരവും കൂദാശാപരവുമായ മുഴുവൻ ആഘോഷങ്ങളോടും വിശ്വാസപരിശീലനനം പ്രകൃത്യാ ബന്ധപ്പെട്ടിരിക്കുന്നു (CCC.1074). വിശ്വാസപരിശീലനത്തിന്റെ അടിസ്ഥാനയാഥാർത്ഥ്യങ്ങളായ പഠിപ്പിക്കൽ, രൂപികരണം, രൂപാന്തരീകരണം എന്നിവ ദൈവാരാധനയിൽ നടക്കുന്നതിനാൽ ദൈവാരാധന വിശ്വാസപരിശീലനത്തിനുള്ള വേദിമാത്രമല്ല വിശ്വാസശീലനം തന്നെയാണ്. ദൈവാരാധനയിലേയ്ക്കു നയിക്കുന്നതും അതിൽനിന്നു ശക്തി സംഭരിക്കുന്നതുമായ വിശ്വാസപരിശീലനമാണ് ആവശ്യമായിരിക്കുന്നത്.

2. കുടുംബം,

വിശ്വാസത്തിന്റെ പിള്ളത്തൊട്ടിലായ കുടുംബങ്ങളിലാണു വിശ്വാസപരിശീലനത്തിനു ആരംഭംകുറിക്കപ്പെടേണ്ടത്. പ്രാർത്ഥനകളുടെ പഠനവും വിശ്വാസബദ്ധമായ ജീവിതത്തിന്റെ പരിചയപ്പെടുത്തലുകളും അനുഭവങ്ങളും കുടുബങ്ങളിലുണ്ടാകണം. വിശുദ്ധഗ്രന്ഥവചനങ്ങളും സഭാജീവിതത്തോടു ബന്ധപ്പെട്ട കാര്യങ്ങളും വിശുദ്ധരുടെ ജീവിതവുമെല്ലാം പരിചയപ്പെടുന്നതിനുള്ള ഒരന്തരീക്ഷമായിരിക്കണം കുടുംബങ്ങളിലുണ്ടാകേണ്ടത്. ഇടവകദൈവാലയത്തിലെ ദൈവാരാധയിലും അവിടെ നടത്തപ്പെടുന്ന സൺഡേസ്കൂൾ പരിശീലനങ്ങളിലും മറ്റുഈടവക പ്രവർത്തനങ്ങളിലും താത്പതര്യപൂർവ്വം പങ്കുചേരാനുള്ള ആഗ്രഹവും സഭാശുശ്രൂഷകരോടുള്ള സമ്പർക്കവുമെല്ലാം കുഞ്ഞുങ്ങൾക്കു മാതാപിതാക്കൾ കുടുംബത്തിൽ നല്കുന്ന പ്രോത്സാഹനത്തെ ആശ്രയിച്ചിരിക്കും.

യഹൂദരുടെ പെസഹാ ആചരണത്തെക്കുറിച്ചുള്ള പുറപ്പാടു പുസ്തകത്തിലെ വിവരണം കുടുംബത്തിലെ വിശ്വാസപരിശീലനത്തിന്റെ നല്ലൊരു മാതൃകയാണ് (പുറപ്പാട് 12:21-28). എല്ലാ ആചാരവിധികളോടും കൂടി അപ്പം മുറിക്കുകയും കുഞ്ഞാടിന്റെ മാംസം ഭക്ഷിക്കുകയും ചെയ്യുമ്പോൾ കുടുംബത്തിലെ ഇളയകുട്ടിചോദിക്കും, എന്താണ് ഇതിന്റെയെല്ലാം അർത്ഥം. അപ്പോൾ കുടുംബത്തിലെ കാരണവർ ഇസ്രായേലിന്റെ രക്ഷാകരചരിത്രത്തിന്റെ സംക്ഷിപ്തരൂപം എല്ലാവർക്കുമായി വിശദീകരിക്കും. ഇതുശ്രവിക്കുന്ന ഓരോരുത്തർക്കും ഈജിപ്തിലെ അടിമത്തത്തിൽ നിന്നുള്ള പൂർവ്വികരുടെ വിമോചനം വ്യക്തിപരമയ അനുഭവമായി മാറുന്നു. അടിമത്തത്തിന്റെ ബന്ധനങ്ങളിൽ നിന്നുള്ള മോചനം തങ്ങളുടെ ജീവിതത്തിൽ ഇനിയും ആവർത്തിക്കപ്പെടേണ്ടതാണെന്നും അതിനായി പ്രതീക്ഷയോടെ കാത്തിരിക്കേണ്ടതുണ്ടെന്നും പെസഹാ ആചരണം അവരെ പഠിപ്പിക്കുന്നു. ഇങ്ങനെ പെസഹാ ആചരണം പൂർവ്വകാലസ്മരണയും

വർത്തമാനകാലത്തെക്കുറിച്ചുള്ള അവബോധവും ഭാവിയെക്കുറിച്ചുള്ള പ്രത്യാശയും ഒരുമിച്ചുണർത്തുന്ന പ്രബോധനാവസരമായി മാറുന്നു. കുടുംബങ്ങളിലെ എല്ലാ ആചരണങ്ങളിലും ഇപ്രകാരമുള്ള വിശ്വാസകൈമാറ്റമാണ് നടക്കേണ്ടത്.

ഇടവകയിൽ നല്കുന്ന സൺഡേസ്കൂൾ വിശ്വാസപരിശീലനം മാത്രം കേന്ദ്രീകരിച്ചാണു വിശ്വാസം രൂപപ്പെടുന്നതും വളരുന്നതുമെന്നൊരു തെറ്റായ ധാരണ ഇന്നും ചിലരെങ്കിലും വച്ചുപുലർത്തുന്നു. ഒരാഴ്ചയിലെ 168 മണിക്കുറുകളിൽ കേവലം ഒന്നരമണിക്കൂർ മാത്രമാണു ഒരു വ്യക്തി സൺഡേസ്കൂളുകളിൽ നിന്നു വിശ്വാസപരിശീലനം നേടുന്നത്. കുടുബത്തിൽ നിന്നു ലഭിക്കുന്ന വിശ്വാസ പരിശിലനത്തിൽ ഏതാനും ചില കൂട്ടിച്ചേർക്കലുകൾ നല്കാൻ മാത്രമെ സൺഡേസ്കൂളുകൾക്കു സാധിക്കുകയുള്ളു. വിശ്വാസത്തിനനുസരിച്ചു ജീവിക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള കുട്ടികളോടു എന്തു പ്രവർത്തിക്കണം, എങ്ങനെ പ്രവർത്തിക്കണം എന്നു പ്രത്യേകം നിഷ്കർഷിക്കേണ്ടതില്ല. എന്തുകൊണ്ടാണ് ഉപ്രകാരം ചെയ്യുന്നത് എന്നു വിശദീകരിക്കുക മാത്രമാണാവശ്യമായിരിക്കുന്നത്.

നന്മതിന്മകളെക്കുറിച്ചുള്ള പ്രാഥമികധാരണകൾ കുട്ടികൾക്കുലഭിക്കുക മാതാപിതാക്കളിൽ നിന്നാണ്. പ്രാർത്ഥിക്കുന്ന മാതാപിതാക്കളെ കാണുക എന്നതാണു കുട്ടിക്കു ലഭിക്കുന്ന ആദ്യവിശ്വാസപരിശീലനം. മാതാപിതാക്കളുടെ പ്രാർത്ഥന അനുകരിക്കാനാവും ആദ്യം കുഞ്ഞു ശ്രമിക്കുക. ക്രമേണ എങ്ങനെ പ്രാർത്ഥിക്കണമെന്നും എന്താണു പ്രാർത്ഥിക്കേണ്ടതെന്നും കുഞ്ഞു പഠിക്കുന്നു. നന്മതിന്മകളെക്കുറിച്ചുള്ള പ്രാഥമിക ധാരണയും ജീവിതവീക്ഷണവുമെല്ലാം രൂപപ്പെടുന്നതു മാതാപിതാക്കളെ ആശ്രയിച്ചാണ്.

## പ്രബോധനങ്ങളിലൂടെയുള്ള വിശ്വാസപരിശീലനം

പ്രബോധനങ്ങളിലൂടെയുള്ള വിശ്വാസപരിശീലനം പ്രധാനമായും സൺഡേസ്കൂൾ കേന്ദ്രീകൃതമാണ്. കൃത്യമായ സിലബസ്സും ചിട്ടയായ പ്രവർത്തനങ്ങളും വഴി ഒരുവലിയ പരിധിവരെ നമ്മുടെ സൺഡേസ്കൂളുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

പാഠപുസ്തകത്തിലെ അദ്ധ്യായങ്ങൾ പഠിപ്പിച്ചു തീർക്കാനുള്ള വ്യഗ്രതയോടെ വിശ്വാസപരിശീലന പുസ്തകങ്ങൾ വായിച്ചു തീർക്കുക മാത്രം ചെയ്യുമ്പോൾ ശരിയായ വിശ്വാസ പരിശീലനം നഷ്ടപ്പെടുന്നു. സ്വന്തമാക്കിയ വിശ്വാസനുഭവത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ പഠിപ്പിക്കാനും മനശാസ്ത്രപരവും സാമൂഹികാപഗ്രഥനപരവുമായി

കുട്ടികളെ പഠിപ്പിക്കാനും വിശ്വാസപരിശീലകർക്കു സാധിക്കേണ്ടതുണ്ട്. ഇതിനു വിശ്വാസപരിശീലകർ ശരിയായ പരിശീലനം നേടിയവരായിരിക്കണം. ക്രിസ്തുവെന്ന അദ്ധ്യാപകനുമായുള്ള ഗാഢമായ ഐക്യത്തിൽ നിന്നുമാത്രമേ ആധികാരികവും. അഭിലഷണീയവുമായ നവീകരണത്തിനു വേണ്ട വെളിച്ചവും ശക്തിയും വിശ്വാസ പരിശീലകർക്കു ലഭിക്കുകയുള്ളു(മതബോധനം ഇന്ന്. ൭) സൺഡേസ്കൂൾ പ്രവർത്തനങ്ങൾ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിൽ സ്കൂൾ പി.ടി.എ കൾക്കു നിർണ്ണായക സ്വാധീനമാണുള്ളത്. വിശ്വാസപരിശീലനക്ലാസ്സുകളുടെ ഉത്തരവാദിത്വം ഇടവക വികാരിയിലും വിശ്വാസപരിശീലകരിലും മാത്രം ഏല്പിച്ചിട്ടു മാതാപിതാക്കൾക്കു മാറിനില്ക്കാനാവില്ല.

## പ്രായോഗിക പരിശീലനങ്ങളിലൂടെയുള്ള വിശ്വാസപരിശീലനം

വിശ്വാസപരിശീലനത്തിനുള്ള പാഠപുസ്തകങ്ങൾ പഠിപ്പിക്കുന്നതുകൊണ്ടുമാത്രം വിശ്വാസപരിശീലനം പൂർത്തിയാകുന്നില്ല. കുട്ടികളുടെ വിശ്വാസപരിശീലനത്തിനു സഹായകമായ പ്രവൃത്തിപരിചയത്തിനുള്ള സാഹചര്യങ്ങൾക്കൂടി ഇടവകകേന്ദ്രീകൃതമായി രൂപപ്പെടേണ്ടതുണ്ട്. ഇടവകകളിലെ ഭക്തസംഘടനകളിൽ ചേർന്നു പ്രവർത്തിക്കാൻ വിശ്വാസപരിശീലകരും മാതാപിതാക്കളും കുട്ടികളെ പ്രേരിപ്പിക്കുകയും ഇവയുടെ പ്രവർത്തനങ്ങളെ പ്രോത്സാപ്പിക്കുകയും ചെയ്യണം.

മിഷൻലീഗ്, കെ.സി.വൈ.എം, സി.എൽ.സി, അൾത്താരബാലസംഘം തുടങ്ങിയ ഭക്തസംഘടനകളിലൂടെയുള്ള പ്രവർത്തനങ്ങൾ ഹൃദ്യസ്ഥമാക്കിയ ക്രൈസ്തവ മൂല്യങ്ങൾക്കനുസരിച്ചുള്ള ജീവിതം നയിക്കുന്നതിനുള്ള പ്രായോഗിക പരിശീലനം കുട്ടികൾക്കു നല്കുന്നു. കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കാനും അവരുടെ സംഘടനാശേഷി വളർത്താനുമെല്ലാം സംഘടനകൾ സഹായിക്കുന്നുവെന്നു മനസ്സിലാക്കി അവയിൽ ചേർന്നു പ്രവർത്തിക്കാൻ മാതാപിതാക്കൾ കുട്ടികളെ പ്രോത്സാഹിപ്പിക്കണം. വിശ്വാസജീവിതത്തിൽ വളരാനും വളർത്താനുമുള്ള വേദികളാണു സംഘടനകൾ എന്നു മറക്കരുത്.

മൂല്യശോഷണത്തിന്റേയും മൂല്യത്തകർച്ചയുടെയും കാലമാണിതെന്നു പറയാറുണ്ട്. വ്യക്തികളെയും സമൂഹങ്ങളെയും നയിച്ചിരുന്ന പരമ്പരാഗത മുല്യങ്ങൾ പലതും ഇന്നു ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ വെല്ലുവിളി എന്നതു വിശ്വാസവും അനുദിനജീവിതവും തമ്മിലുള്ള പൊരുത്തക്കേടാണ്. മുടക്കമില്ലാത്ത പ്രാർത്ഥനയും മുടങ്ങുന്ന നീതിബോധവുമുള്ള സമൂഹമാണ് കേരള ക്രൈസ്തവ സമൂഹമെന്നു ചിലപ്പോഴെങ്കിലും ആക്ഷേപമുയരാറുണ്ട്. പന്ത്രണ്ടു ക്ലാസ്സുവരെ വിശ്വാസ

പരിശീലനം നേടിപുറത്തു വരുന്നവരുടെ വ്യക്തിജീവിതത്തിൽ അതിനനുസരിച്ചുള്ള മേൻമകൾ കാണുന്നില്ല എന്നും ആരോപിക്കാറുണ്ട്. ഇതിനുള്ള കാരണമായി പലപ്പോഴും പറയുക ബൗദ്ധികപരിശീലനം മാത്രമാണു വിശ്വാസപരിശീലനത്തിലൂടെ നല്കുന്നത് എന്നതാണ്. ഈശോയെക്കുറച്ച് അറിയാൻസഹായിക്കുക മാത്രമല്ല ഈശോയുമായി ആഴമേറിയതും വ്യക്തിപരവുമായ ബന്ധം സ്ഥാപിച്ചു ക്രിസ്തീയ ജീവിതസാക്ഷ്യ ത്തിനു പ്രാപ്തരാക്കുന്ന വിശ്വാസപരിശീലനമാണു സഭ ലക്ഷ്യമാക്കുന്നത്. ഈ ലക്ഷ്യം സാധിക്കണമെങ്കിൽ സീറോമലബാർകാറ്റക്കെറ്റിക്കൽ ഡയറക്ടറി നിർദ്ദേശിച്ചിരിക്കുന്ന മൂന്നു തലങ്ങളിലുമുള്ള വിശ്വാസപരിശീലനം നടക്കേണ്ടതുണ്ട്. ഇതു സാധിതമാകുന്ന സമഗ്രമായ വിശ്വാസപരിശീലനമാകട്ടെ പുതിയവിശ്വാസപരിശീലനവർഷത്തിൽ നാം ലക്ഷ്യം വയ്ക്കുന്നത്.